മാതൃഭൂമി

**29 December 2016**

# മത്സ്യമേഖലയിലെ പ്രത്യാഘാതം: സി.എം.എഫ്.ആർ.ഐ. സാർക്ക് സമിതിക്ക് റിപ്പോർട്ട് നൽകി

**കൊച്ചി:** കാലാവസ്ഥാ വ്യതിയാനത്തെ തുടർന്ന് ഇന്ത്യയിലെ മത്സ്യമേഖലയിൽ സംഭവിച്ച പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള കൺട്രി സ്റ്റാറ്റസ് റിപ്പോർട്ട് കേന്ദ്ര സമുദ്ര മത്സ്യഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) സാർക്ക് സമിതിക്ക് കൈമാറി. കാലാവസ്ഥാ വ്യതിയാനം സാർക്ക് അംഗ രാജ്യങ്ങളിലെ കാർഷിക മേഖലയെ എങ്ങനെ ബാധിച്ചുവെന്ന് വിലയിരുത്തുന്നതിന്റെയും പരിഹാര നടപടികൾ സ്വീകരിക്കുന്നതിന്റെയും ഭാഗമായാണ് ധാക്ക ആസ്ഥാനമായ സാർക്ക് അഗ്രികൾച്ചർ സെന്റർ (സാക്) സി.എം.എഫ്.ആ.ർഐ.യോട് റിപ്പോർട്ട് തേടിയത്.

സാർക്ക് അംഗരാജ്യങ്ങളിലെ ഫിഷറീസ് മേഖലയിൽ നിന്നുള്ള പ്രതിനിധികളും സാക് അധികൃതരും തമ്മിൽ നടന്ന വീഡിയോ കോൺഫറൻസിലാണ് രാജ്യത്തെ സമുദ്ര ഉൾനാടൻ മത്സ്യമേഖലയെക്കുറിച്ച് ഇന്ത്യയെ പ്രതിനിധീകരിച്ച് സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ റിപ്പോർട്ട് അവതരിപ്പിച്ചത്.

സി.എം.എഫ്.ആർ.ഐ.യിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. പി.യു. സക്കറിയ, സീനിയർ സയന്റിസ്റ്റ് ഡോ. ഗ്രിൻസൻ ജോർജ് എന്നിവർ സന്നിഹിതരായിരുന്നു.

കാലാവസ്ഥാ വ്യതിയാനത്തെ തുടർന്ന് സമുദ്ര ആവാസ വ്യവസ്ഥ, മത്സ്യസമ്പത്ത്, മത്സ്യബന്ധനം, മത്സ്യകൃഷി, വിപണനം, വ്യാപാരം എന്നി മേഖലകളിൽ സംഭവിച്ച അനന്തരഫലങ്ങളെ കുറിച്ചാണ് റിപ്പോർട്ട് തയ്യാറാക്കിയത്. മത്സ്യത്തൊഴിലാളി സമൂഹത്തിൽ വന്ന മാറ്റവും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

മത്സ്യമേഖലയിൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ കുറയ്ക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് സാർക്കിന്റെ നേതൃത്വത്തിൽ കർമസേന രൂപവത്കരിക്കണമെന്നതാണ് പ്രധാന നിർദ്ദേശം. കടലിൽ കൂടുമത്സ്യകൃഷി വ്യാപിപ്പിക്കണം. തീരമത്സ്യകൃഷി ജനകീയമാക്കുന്നതിന് പ്രത്യേക ശേഷിയുള്ള മത്സ്യയിനങ്ങളെ കണ്ടെത്തണം. കാലാവസ്ഥാ വ്യതിയാന പഠനത്തിന് സാർക്ക് രാജ്യങ്ങളുടെ സംയുക്ത ശ്രമം വേണമെന്നും റിപ്പോർട്ടിൽ പറയുന്നു.